# ശ്രേഷ്ഠമഹാപുരോഹിതൻ



പാസ്റ്റർ ജേക്കബ് മാമച്ചൻ

ഇതിനെക്കുറിച്ചു ഞങ്ങൾക്കു വളരെ പറവാനുണ്ടു; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ടു തെളിയിച്ചുതരുവാൻ വിഷമം. കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു. (എബ്രാ:5:11-14)

പുതിയതായി എന്തെങ്കിലും ഇതിൽ നിന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ദൈവവചനത്തിൽ ഉള്ളത് എന്താണോ അത് ഒരിക്കൽ കൂടെ ഓർമിപ്പിക്കുവാൻ മാത്രം ഞാൻ ആഗ്രഹിക്കുന്നു. എബ്രായ ലേഖനം ആരെഴുതി എന്നതിനെ കുറിച്ച് ധാരാളം പഠനങ്ങളും തർക്കങ്ങളും ഇന്ന് നിലവിലുണ്ട്, അപ്പോസ്തോലനായ പൗലോസ് ആണെന്നും പരക്കെ പറയപ്പെടുന്നു. എന്ത് തന്നെയായാലും ക്രിസ്തുവേശുവിൽ ഭക്തിയോടെ നിലനിൽക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ഗ്രന്ഥകാരൻ നൽകുന്നു. മുകൾ വാക്യങ്ങൾ ശ്രദ്ധിച്ചാൽ അവിടെയുള്ള വിശ്വാസികളുടെ ജീവിതങ്ങളെ പുനരുദ്ധീകരിക്കുവാൻ ഉള്ള നിർദ്ദേശങ്ങളായും അവയെ കാണാൻ കഴിയും.

പൗരോഹിത്യത്തെ കുറിച്ചു മികച്ച വ്യഖ്യാനം നൽകുന്ന ലേഖകൻ, വിശ്വാസികളുടെ നിലവിലെ അവസ്ഥയെ കണ്ടു മുന്നോട്ടു എഴുതുവാൻ കഴിയാതെ വിഷമിച്ചു നിൽക്കുകയാണ്. അവിടെയുള്ള വിശ്വാസികളുടെ പക്വതകുറവ് കൊണ്ട് കൂടുതൽ എഴുതുവാനോ വിശദീകരിക്കുവാനോ ലേഖകനു കഴിയാതെ വരുന്നു. ദൈവരാജ്യവിഷയങ്ങളിൽ കാര്യമായ ഇടപെടലുകൾ അവർ നടത്താതിരുന്നതിനാൽ അല്ല അവരെ പക്വതഇല്ലാത്തവർ എന്ന് വിളിച്ചത്. എന്നാൽ കാര്യങ്ങളെ വിവേചിക്കുന്നതിൽ അവർ മാനസിക വളർച്ച ഇല്ലാത്തവരെ പോലെ അപക്വതയുള്ളവരായിരുന്നു.

ഉദാഹരണമായി പറഞ്ഞാൽ ഒരു കൊച്ചു കുട്ടിയുടെ കൈവശം നിങ്ങൾ 1000 രൂപ കൊടുക്കുന്നതുപോലെയാണത്. ഒരുപക്ഷെ അവർ അത് സൂക്ഷിച്ചു വെക്കാം. അതല്ലെങ്കിൽ അവർ അത് കൈമാറ്റം നടത്താം. എന്നാൽ അതിന്റെ ശരിയായ ഉപയോഗം, അതിന്റെ മൂല്യം, അവർക്കു മനസിലാവുകയില്ല. ഇതുപോലെ തന്നെ ഇന്നുള്ള സഭകളിലെ ആളുകളോടു ചോദിക്കുകയാണ് എന്താണ് പൗരോഹിത്യം? ഒരു പക്ഷെ അവർക്കു പത്തു മണിക്കൂർ നീണ്ട പ്രസംഗം നടത്തുവാൻ കഴിഞ്ഞേക്കാം. എന്നാലിതെന്തിനായി ഉപയോഗിക്കുന്നു, ദിനം തോറുമുള്ള ജീവിതത്തിലിതു എങ്ങനെ പ്രായോഗികമാകുന്നു എന്നുള്ള കാര്യങ്ങൾ

അവർക്കറിയണം അല്ലെങ്കിൽ അനുഭവമാകണമെന്നില്ല.

ദൈവശാസ്ത്രം നമ്മുടെ ജീവിതത്തിൽ പ്രായോഗികമായില്ല എങ്കിൽ അത് ഉപയോഗശൂന്യമാണ്. അവിടെ പറയുന്നതു ശ്രദ്ധിക്കുക സുവിശേഷം പ്രായോഗിക ജീവിതത്തിൽ പക്വതയോടെ ഏറ്റെടുക്കാതിരുന്നതിനാൽ അവരെ കൂടുതൽ ആഴമായി പഠിപ്പിക്കുവാൻ ലേഖകനു കഴിയുന്നില്ല. ലേഖകൻ ആയിരിക്കുന്ന സാഹചര്യം നിങ്ങൾക്കു മനസിലാകുമെന്നു വിചാരിക്കുന്നു.  പത്താം വാക്യത്തിൽ ഇങ്ങനെ കാണുന്നു
" മൽക്കീസേദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചുമിരിക്കുന്നു"
വളരെ വേഗം മൽക്കീസേദെക്കിൻ്റെ ക്രമത്തിൽ യേശുക്രിസ്തുവിനെ ഉൾപ്പെടുത്തുന്ന വിഷയത്തെ പരാമർശിക്കുന്നു.  എന്നാൽ അവർക്കു അത് കേൾക്കാനുള്ള മന്ദത കാരണം അതിനെക്കുറിച്ച് കൂടുതൽ പറയുവാനോ തെളിയിച്ചു കൊടുക്കുവാനോ ലേഖകൻ പ്രയാസപ്പെടുന്നു.

വിശ്വാസം, വിശ്വാസത്തിന്റെ അനുസരണം എന്ന വിഷയങ്ങളുമായി  ബന്ധപ്പെട്ടുവേണം ഈ വിഷയം ചിന്തിക്കുവാൻ. കാരണം ഇവിടെ പറഞ്ഞിരിക്കുന്നതു ശാരീരികമായ അവരുടെ കേൾവിയുടെ മന്ദതയെകുറിച്ചല്ല. നമ്മെ സംബന്ധിച്ചു കേൾക്കുക എന്നതിന്റെ അർത്ഥമല്ല ഒരു യഹൂദനെ സംബന്ധിച്ചിടത്തോളമുള്ളതു. കേൾക്കുക എന്നത് അവർ അതിന്റെ പ്രവർത്തികൾ കൂടെ ബന്ധിപ്പിച്ചാണ് അതിനെ മനസ്സിലാക്കുന്നത്.  അവരുടെ അനുസരണമില്ലായ്മ കൊണ്ടാണ് അധികം വ്യഖ്യാനിക്കുവാൻ ലേഖകൻ വിഷമിക്കുന്നത്. നമ്മൾ ചിലരോട് ചില പ്രവർത്തികൾ ചെയ്യാൻ പറയുമ്പോൾ അവർ അപ്രകാരം അല്ല ചെയ്യുന്നതെങ്കിൽ നമ്മൾ അവരോടു ചോദിക്കുകയില്ലേ  ഞാൻ പറഞ്ഞത് ഇതുപോലെയായിരുന്നോ എന്ന്? അതായത് പ്രവർത്തി എന്നത് കേൾക്കുന്നതിന്റെ കൃത്യതയാണ് എന്നും കൂടി നാം മനസിലാക്കുന്നു. ഇത് തന്നെയാണ് എബ്രായലേഖകനും അഭിമുഖീകരിക്കുന്ന പ്രശ്നം. അവർ ഒരുപാട് കേൾക്കുന്നുണ്ട് എന്നാൽ അതുപോലെ സ്നേഹത്തിൽ പ്രവർത്തിക്കുന്നവരാകുന്നില്ല. വർഷങ്ങളുടെ പരിചയമുള്ളവർ പരിചയസമ്പത്തുകൊണ്ട് ഉപദേഷ്ടാക്കന്മാർ ആകേണ്ടവർ, ബാല പാഠങ്ങളെതന്നെ, തന്നെയും പിന്നെയും ഉപദേശിക്കേണ്ട എഴുത്തുകാരന്റെ വേദന. പന്ത്രണ്ടാം വാക്യത്തിൽ അവരെ കുട്ടികൾക്ക് തുല്യരും ആക്കുകയാണ്, കാരണം അവർക്കു പാൽ മാത്രം കുടിക്കാൻ ഉള്ള ശേഷിയേയുള്ളു എന്നും കാണുന്നു.

ആത്മീകവളർച്ചയുടെ, അല്ലെങ്കിൽ പക്വതയുടെ ഒരു ഘട്ടമെന്നത് ഉപദേശിക്കുവാനുള്ള അല്ലെങ്കിൽ പഠിപ്പിക്കുവാനുള്ള  ഒരു കഴിവാണ്. ഒരു ഉപദേശിയുടെ കസേരയിൽ സ്ഥാനം പിടിയ്ക്കുക എന്ന ലക്ഷ്യമല്ല, പകരം പഠിപ്പിക്കുവാനുള്ള കഴിവ് സ്വതവേ ഉണ്ടായി വരണം. ഇന്ന് കാണും പോലെ കുറെ കുറിപ്പുകൾ വെച്ച്  പ്രസംഗിക്കുവാനുള്ള കഴിവുള്ളവർ എന്നല്ല, പകരം കേൾവിക്കാർക്ക് ദൈവത്തിന്റെ വൻകാര്യങ്ങൾ മനസ്സിലാകും വിധം,

അനുസരണത്തിലേക്കെത്തും വിധം, വ്യാഖ്യാനിച്ചുകൊടുക്കുവാൻ കഴിവുണ്ടായിരിക്കണം. നിങ്ങൾ ദൈവമുമ്പാകെ പക്വത പ്രാപിച്ചവർ ദൈവിക മർമങ്ങളെ പഠിച്ചും അതിൽ അനുസരണയോടെ ജീവിച്ചും അത് പഠിപ്പിക്കുകയും ചെയ്യുന്നവരാകും. മറ്റൊരാളെ ആത്മീകമായി നിലനിർത്തുവാനാവുംവിധം നിങ്ങൾക്ക് പഠിപ്പിക്കുവാൻ കഴിയുന്നില്ല എങ്കിൽ നിങ്ങൾ ആത്മീകമായി പക്വത പ്രാപിക്കേണ്ടിയിരിക്കുന്നു.

ഇത് നിങ്ങൾ വളരെ ശ്രദ്ധയോടെ അറിഞ്ഞിരിക്കണം. ഇതുപോലെയുള്ള പക്വതയില്ലായ്മ ആണ് നിങ്ങൾക്കു തിരുവചനകളുടെ ആഴമായ സത്യങ്ങളെ മനസിലാക്കുവാൻ കഴിയാതെ പോകുന്നതിന്റെ കാരണം. അതാണ് എബ്രായ ലേഖകന്റെ വിഷമത്തിലൂടെ നാമും തിരിച്ചറിയേണ്ടുന്ന വിഷയം. ഈ പഠനത്തിന് ശേഷം ഞാനും പക്വത പ്രാപിക്കും എന്ന് നിങ്ങളിലൂടെ കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആളുകളെ പക്വതയിലേക്കു എത്തിക്കേണ്ടതിനായി ഞാൻ പക്വതയിലെത്തുമെന്ന് എത്ര പേർ പറയും? നിങ്ങൾക്കെല്ലാവർക്കും ആത്മീകമായ ഒരു ലക്ഷ്യം ഉണ്ടായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എങ്കിൽ മാത്രമേ നിങ്ങൾക്കവിടെ എത്തുവാൻ കഴിയൂ. എല്ലാ ദിവസവും ബൈബിളിൽ നിന്ന് കേൾക്കുന്നവർ മാത്രമാകരുത്, നിങ്ങൾ പരിജ്ഞാനത്തോടു കൂടെ പഠിപ്പിക്കുവാൻ കഴിവുള്ളവരായി മാറണം. കട്ടിയായുള്ള ആഹാരം കുട്ടികൾക്ക് കഴിക്കുവാനാവില്ലയെന്നു നമുക്കെല്ലാവർക്കും അറിയാം. നിങ്ങൾ വചനത്തിന്റെ അനുസരണത്തിൽ തികവുള്ളവരാകുമ്പോൾ നിങ്ങളും പക്വതയിലെത്തും അതുപോലെ അനേകരെ പക്വതയിലെത്തിക്കുവാനും കഴിയും.

മത്തായി 28 ൽ കാണുന്ന " നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സുവിശേഷം അറിയിച്ചു സകലരെയും എന്റെ ശിഷ്യരാക്കി കൊള്ളുവിൻ". ഇത് മനസിലാക്കിവേണം ഈ തിരുവചനം വായിക്കുവാൻ. അപ്പോസ്തോലനായ പൗലോസ് തീത്തോസിനു എഴുതിയ ലേഖനത്തിൽ കാണുന്നു. നീയോ പത്ഥ്യോപദേശത്തിനു ചേരുന്നതു പ്രസ്താവിക്ക(തീത്തൊസ് 2:1). ആത്മീക ആരോഗ്യത്തിനു ഉതകും വിധമാണ് മറ്റുള്ളവരെ പഠിപ്പിക്കേണ്ടതെന്നു നമുക്കിവിടെ നിന്നും വ്യക്തമാകുന്നു. ഒരു വ്യക്തിയെ ക്രിസ്തുവിലുള്ള പക്വതയിൽ വളർത്തിയെടുക്കുവാൻ കഴിയുംവിധം പഠിപ്പിക്കുവാൻ തക്ക വളർച്ചയുള്ളവരാകണം എന്ന് ദൈവം നിങ്ങളെക്കുറിച്ചു ആഗ്രഹിക്കുന്നു, ഈ ഒരു വളർച്ചയിൽ നിങ്ങൾ എത്തുവാൻ കഴിഞ്ഞില്ല എങ്കിൽ നിങ്ങൾ പക്വതയിൽ എത്തിയിട്ടില്ല എന്ന് എബ്രായ ലേഖകനോട് ചേർന്ന് പറയേണ്ടി വരും.
13:പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ.

**എന്താണ് കട്ടിയായ ആഹാരം എന്താണ് പാൽ എന്നതിന്റെ ഒരു വിശദീകരണം?**

കട്ടിയായുള്ള ആഹാരം എന്നത് നീതീകരണം എന്ന വിഷയത്തിലുള്ള തിരിച്ചറിവിന്റെ

സുവിശേഷം ആകുന്നു. എന്താണ് നീതീകരണത്തിന്റെ വചനം? നാം ആയിരിക്കുന്ന അവസ്ഥയെ കുറിച്ചല്ല ഇവിടെ പ്രതിപാദിക്കുന്നത്. അതായത് ദൈവത്തിന്റെ കൃപയാൽ ഞാൻ നീതിമാൻ ആകുന്നു എന്ന നിലയെ കുറിച്ചല്ല. ഉദാഹരണത്തിന് റോമാ ലേഖനം വായിക്കുമ്പോൾ അവിടെ നാം കാണുന്ന, ദൈവം നീതീകരിച്ച നമ്മുടെ അവസ്ഥ എന്നതു കാണാൻ കഴിയും. എബ്രായ ലേഖകൻ പറയുന്ന നീതി, അതു നമ്മുടെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വാഭാവിക ജീവിതത്തിൽ ദൈവ നീതിയുടെ ഫലം വെളിപ്പെടുത്തുന്നവരും അതിൽ ജീവിക്കുന്നവരെ കുറിച്ചുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പതിനാലാം വാക്യം ശ്രദ്ധിക്കുക "കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു". വളരെ വ്യക്തമായി നാം മനസ്സിലാക്കണം നീതിയുടെ വചനത്തിന്റെ സന്ദേശം കട്ടിയായുള്ളതാണ്, എന്താണ് നീതിയുടെ വചനം? നീതിയുടെ വചനം എന്ന് പറഞ്ഞാൽ വിവേചിക്കുക അല്ലെങ്കിൽ വേർതിരിച്ചറിയുക എന്നതത്രേ. എന്തിനെയാണ് നാം വിവേചിക്കേണ്ടത് ? തിന്മയിൽ നിന്നും നല്ലതിനെ വേർതിരിച്ചറിയണം. വിവേചിക്കുകയെന്ന് വെറുതെ പറയുകയല്ല നന്മതിന്മകളെ വിവേചിക്കുന്നതിൽ ഉള്ള പരിശീലനം നേടിയവരെന്നുവേണം പറയുവാൻ. പക്വതയുള്ള വചനം കട്ടിയുള്ളതാണ്. അതിൽ രണ്ടു പ്രധാന ഘടകങ്ങൾ ഉണ്ട് പരിശീലനവും, വിവേചിപ്പാൻ ശേഷിയുള്ളവരും.

**എന്തുകൊണ്ടാണ് നന്മതിന്മകളിൽ പരിശീലനവും വിവേചനവും നേടേണ്ടതിന്റെ ആവശ്യം?**

ഇത് മനസ്സിലാക്കുവാൻ ഒന്നാം വാക്യം ശ്രദ്ധിക്കുക. "മനുഷ്യരുടെ ഇടയിൽനിന്നു എടുക്കുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിപ്പാൻ ദൈവകാര്യത്തിൽ മനുഷ്യർക്കു വേണ്ടി നിയമിക്കപ്പെടുന്നു."

എന്താണ് മഹാപുരോഹിതനെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തിയിൽ നമുക്ക് മനോഹരമായി കാണാൻ കഴിയുന്നത്. ഒരുപക്ഷെ മഹാപുരോഹിതന്റെ വേഷം അതിമനോഹരമായിരിക്കാം. ഇന്നത്തെ കാലത്താണെങ്കിൽ പുറമെ നോക്കിയാൽ ഒരു സെൽഫി ആളുകളെടുത്തേക്കാം, എന്നാലതാണോ മഹാപുരോഹിതന്റെ വിശേഷത? സഭയുടെ തന്നെ ഉന്നത സ്ഥാനം വഹിക്കുന്നതുകൊണ്ട്, ഒരു വലിയ പുരുഷാരത്തിന്റെ അധിപൻ എന്ന നിലയിലാണോ മഹാപുരോഹിതനെ നാം വിലയിരുത്തേണ്ടത്? മഹാപുരോഹിതനെ ചൂണ്ടികാട്ടി എബ്രായലേഖകൻ എന്തിനാണ് നിങ്ങൾ നന്മതിന്മകളെ വിവേചിക്കണം എന്ന് പറഞ്ഞിരിക്കുന്നത്? അതാണ് നാം മനസ്സിലാക്കേണ്ടത്. മഹാപുരോഹിതൻ നിയമിതനായിരിക്കുന്നതു ജനത്തിന്റെ പാപങ്ങൾക്ക് വേണ്ടിയുള്ള ദൈവകാര്യത്തിൽ വഴിപാടും യാഗവും അർപ്പിക്കേണ്ടതിനാണ്.

എബ്രാ 4:14,15 ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു.

നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനായ യേശു നമ്മുടെ പാപങ്ങൾക്ക് വേണ്ടി വഴിപാടും യാഗവും എന്നേക്കുമായി കഴിച്ചു. അതുകൊണ്ട് പതിനാറാം വാക്യത്തിൽ കാണുന്ന "അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക."

എന്തിനാണ് മഹാപുരോഹിതൻ ഈ ദൗത്യം നമുക്ക് വേണ്ടി നിർവഹിച്ചത് ?

നാമും പാപത്തിന്റെ വഴികളിൽ നടക്കാതെ പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു നീതിയിൽ നടക്കേണ്ടതിനത്രേ. നീതിയുടെ ഫലങ്ങൾ നമ്മിൽ നിറയുവാൻ, ബലഹീനതകളെ ജയിക്കുവാൻ, പാപത്തെ ജയിക്കാൻ, അപ്രകാരം നമ്മെ ദൈവമുമ്പാകെ പ്രാപ്തരാക്കുവാൻ.

മഹാപുരോഹിതന്റെ സ്വഭാവവും തുടർന്നുള്ള വാക്യങ്ങളും ശ്രദ്ധിച്ചാൽ കൂടുതൽ കാര്യങ്ങൾ നമുക്ക് വ്യക്തമാകും

5:2 താനും ബലഹീനത പൂണ്ടവനാകയാൽ അറിവില്ലാത്തവരോടും വഴി തെറ്റിപ്പോകുന്നവരോടും സഹതാപം കാണിപ്പാൻ കഴിയുന്നവനും 3. ബലഹീനതനിമിത്തം ജനത്തിന്നു വേണ്ടി എന്നപോലെ തനിക്കു വേണ്ടിയും പാപയാഗം അർപ്പിക്കേണ്ടിയവനും ആകുന്നു. 4. എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല. അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്വം സ്വതവെ എടുത്തിട്ടില്ല; “നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു”എന്നു അവനോടു അരുളിച്ചെയ്തവൻ അവന്നു കൊടുത്തതത്രേ.6 അങ്ങനെ മറ്റൊരേടത്തും: “നീ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു പുരോഹിതൻ ” എന്നു പറയുന്നു.7 ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. 8 പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി 9 തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു. 10 മൽക്കീസേദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചുമിരിക്കുന്നു.

11 ഇതിനെക്കുറിച്ചു ഞങ്ങൾക്കു വളരെ പറവാനുണ്ടു; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ടു തെളിയിച്ചുതരുവാൻ വിഷമം.

ആരാണ് പക്വതയുള്ളവർ? മഹാപുരോഹിതന്റെ ഉത്തരവാദിത്വവും ദൗത്യവും എന്തെന്ന് മനസ്സിലാക്കിയവരാണ് അവർ. കൂടാതെ അനുസരണ ശീലം ഉള്ളവരും, അവരവരുടെ ഉത്തരവാദിത്വ ബോധത്തിൽ നീതിയിൽ അഭ്യാസം ചെയ്യുന്നവരും പാപത്തെ ജയിക്കുന്നവരും മനഃസാക്ഷിയിൽ കുറ്റമറ്റവരും ആയിരിക്കും. കട്ടിയായുള്ള ആഹാരം കഴിപ്പാൻ പ്രാപ്തരായവർ, ദിനം തോറുമുള്ള അഭ്യാസത്തിൽ തികഞ്ഞവരാകും. അങ്ങനെ ഉള്ളവർക്കേ നന്മതിന്മകളെ വേർതിരിച്ചറിഞ്ഞു ജയജീവിതം നയിക്കുവാൻ കഴിയുകയുള്ളു.

ആരാണ് പ്രായം തികഞ്ഞവർ എന്ന് മനസിലായി കാണും എന്ന് കരുതട്ടെ. ദൈവവചനപ്രകാരം ആർക്കാണ് നന്മ തിന്മകളെ വേർതിരിച്ചറിയുവാൻ പ്രാപ്തിയുള്ളത്? അത് മഹാപുരോഹിതനാണ്. എന്തുകൊണ്ടാണ് മഹാപുരോഹിതന് അതിനുള്ള കഴിവുള്ളത്? കാരണം ജനങ്ങൾക്കുവേണ്ടി യഹോവെക്കു മുന്നിൽ പ്രതിനിധാനം ചെയ്യുന്നത് മഹാപുരോഹിതനാണ്.
അതുകൊണ്ട് എബ്രായ ലേഖകൻ പറയാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ മഹാപുരോഹിതന്റെ കർത്തവ്യമറിഞ്ഞു, ദൈവമുമ്പാകെ നീതിയുടെ പരിജ്ഞാനത്തിൽ രക്ഷയുടെ വേല ചെയ്യുന്നവരാകണമെന്നാണ്. നിങ്ങളും മൽക്കീസേദെക്കിൻ്റെ ക്രമത്തിൽ വന്ന ക്രിസ്തുവിലൂടെ മഹാപുരോഹിതനിലയിൽ ആകുന്നു. എന്നാൽ അവിടെയുള്ളവർ പ്രായപൂർത്തി എത്താത്ത ശിശുക്കളെ പോലെ ആയിരിക്കുകയാണ്.

മൽക്കീസേദെക്ക് ആരായിരുന്നു എന്നത് കുറച്ചു മനസ്സിലാക്കുവാൻ ഉള്ളതിനാൽ ഏഴാം അധ്യായത്തിലേക്കു നമുക്കൊന്ന് ശ്രദ്ധിക്കാം.

7:1-3 ശാലേംരാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കീസേദെക്ക് രാജാക്കന്മാരെ ജയിച്ചു മടങ്ങിവരുന്ന അബ്രാഹാമിനെ എതിരേറ്റു അനുഗ്രഹിച്ചു; അബ്രാഹാം അവന്നു സകലത്തിലും പത്തിലൊന്നു കൊടുത്തു. അവന്റെ പേരിന്നു ആദ്യം നീതിയുടെ രാജാവെന്നും പിന്നെ ശാലേംരാജാവു എന്നുവെച്ചാൽ സമാധാനത്തിന്റെ രാജാവു എന്നും അർത്ഥം. അവന്നു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല; അവൻ ദൈവപുത്രന്നു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു.

ഇനി പതിനൊന്നാം വാക്യം വായിക്കുക 11. ലേവ്യപൌരോഹിത്യത്താൽ സമ്പൂർണ്ണത വന്നെങ്കിൽ — അതിൻ കീഴല്ലോ ജനം ന്യായപ്രമാണം പ്രാപിച്ചതു — അഹരോന്റെ ക്രമപ്രകാരം എന്നു പറയാതെ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ വരുവാൻ എന്തൊരാവശ്യം?
25. അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ

പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു. 26 ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയതു: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ; 27 ആ മഹാപുരോഹിതന്മാരെപ്പോലെ ആദ്യം സ്വന്തപാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ. അതു അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ടു ഒരിക്കലായിട്ടു ചെയ്തുവല്ലോ. 28 ന്യായപ്രമാണം ബലഹീനമനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു; ന്യായപ്രമാണത്തിന്നു പിമ്പുള്ള ആണയുടെ വചനമോ എന്നേക്കും തികെഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു.

**<u>നാം മനസിലാക്കേണ്ട സത്യം ഒന്നുണ്ട്. നാമും നന്മതിന്മകളെ വിവേചിച്ചറിഞ്ഞു ദൈവ മുൻപാകെ മഹാപുരോഹിത ശുശ്രൂഷ ചെയ്യുന്ന, മൽക്കീസേദെക്കിൻ്റെ ക്രമപ്രകാരം വന്ന ക്രിസ്തുവിന്റെ അതേ ഗോത്രപരമ്പരകളാണ്.</u>**

ഉല്പത്തി മൂന്നാം അധ്യായത്തിൽ ദൈവം ഏദൻ തോട്ടത്തെ കുറിച്ച് പറയുമ്പോൾ അവിടെയുള്ള രണ്ടു വൃക്ഷങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഒന്ന് ജീവന്റെ വൃക്ഷവും രണ്ടു, നന്മതിന്മകളെ തിരിച്ചറിയുവാനുള്ള അറിവിന്റെ വൃക്ഷവും. നന്മതിന്മകളുടെ അറിവിന്റെ വൃക്ഷഫലം കഴിച്ചാൽ അവരുടെ ജീവൻ നഷ്ടപ്പെട്ടുമെന്നും തോട്ടത്തിലേക്കുള്ള വാതിലടയപ്പെട്ടുമെന്നും അവരെ അറിയിച്ചിരുന്നു.

എബ്രായ ലേഖകൻ നമ്മുടെ ചിന്തയെ ഉല്പത്തി പുസ്തകത്തിലേക്ക് കൊണ്ടുവരുന്നു. ദൈവം അവരോടു കൂടെ വസിച്ചിരുന്ന ആലയമായിരിന്നു ഏദൻതോട്ടം. തോട്ടത്തിൽ വാഴുവാനും, അതിൽ അധികാരി ആയിരിക്കുവാനും, എബ്രായലേഖനത്തിലെ പുരോഹിതന്റെ കടമയിൽ തന്നെ, ആദാമിനെയും നിയമിച്ചിരുന്നു. ഇതൊക്കെ പഠിക്കുമ്പോൾ നിങ്ങൾ മനസ്സിലാക്കണം എന്താണ് പുരോഹിതന്റെ കടമ, ദൈവത്തിങ്കലേക്കു ജനങ്ങളെ എപ്രകാരം കൊണ്ടുവരേണം, കൂടാതെ, പാപത്തെ ജയിച്ചും നീതിയിൽ അഭ്യസനം നടത്തുവാനും തക്ക പക്വതയുള്ളവരായി  അവരെ ദൈവത്തിങ്കലേക്കു നയിക്കുവാൻ നിങ്ങൾ പ്രാപ്തിയുള്ളവർ ആകേണം. അതേസമയം തന്നെ നിങ്ങളും ദൈവമുൻപാകെ നീതിയിലുള്ള അഭ്യസനത്തിൽ തികഞ്ഞവരും ആയിരിക്കേണം.

അഞ്ചാം അധ്യായത്തിലേക്കു നമുക്ക് മടങ്ങി വരാം. നീതിയുടെ വചനത്തിൽ പരിചയം ഇല്ലാത്ത ശിശുക്കൾ ആരെന്നു നാം കണ്ടു. എന്താണ് നീതിയുടെ വചനമെന്നും കണ്ടു. ദൈവിക വെളിച്ചത്തിലേക്കു  ജനത്തെ കൊണ്ടുവരേണ്ട കടമ പുരോഹിതന്റെ ആണെന്ന് നാം കണ്ടു. തന്നിൽ വിശ്വസിക്കുന്നവരെ പിതാവിന്റെ സന്നിധിയിലേക്ക് കളങ്കമില്ലാത്തവരായി കൊണ്ടുവരുന്ന യേശുവിനെ നോക്കുക. അവൻ വിശുദ്ധനായിരിക്കുന്നതുപോലെ അവരെയും പരിശുദ്ധരും പരിപൂർണ്ണരുമാക്കി ദൈവമുമ്പാകെ നിർത്തുന്നു. അതുപോലെ

തന്നെ നാമും പ്രായം തികഞ്ഞവർ ആയിരിക്കേണം. നമുക്കു മുൻപിൽ വരുന്നവരെയും ദൈവമുമ്പാകെ പക്വതയുള്ളവരായി എത്തിക്കുവാനുള്ള കടമ നമ്മിലുണ്ട്. ഇതാകുന്നു നീതിയുടെ വചനം. പ്രായം തികഞ്ഞവർക്കുള്ള നീതിയുടെ വചനം.

നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നുവോ? നിങ്ങളുടെ ക്രിസ്തുവിലുള്ള സ്ഥാനത്തെ ഒരിക്കൽ കൂടെ ഓർമിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ കടമ അല്ലെങ്കിൽ കർത്തവ്യം എന്ന് പറയുന്നത് മറ്റുള്ളവരെ നിങ്ങൾ രക്ഷിക്കുകയും നിങ്ങൾ സ്വയം രക്ഷയിൽ നിലനിൽക്കുകയും വേണം എന്നതാണ്. ഈ സ്ഥാനം നിങ്ങളിൽ നിന്നും നഷ്ടമാകുന്നെങ്കിൽ നിങ്ങൾ ശിശുക്കളത്രേ. നിങ്ങൾ നീതിയുടെ വചനങ്ങളിൽ പരിശീലനം നടത്തുന്നില്ല. അതിനർത്ഥം നിങ്ങൾ ദൈവത്തിന്റെ നിലവാരപ്രകാരം നന്മതിന്മകളെ വിവേചിപ്പാൻ പ്രാപ്തരല്ല എന്നതത്രേ. ഒരു മഹാപുരോഹിതന്റെ കടമകൾ എത്രമാത്രം വലിയ പ്രാധാന്യം ഉണ്ടെന്ന് നിങ്ങൾ മനസിലാക്കണം.

പാപപരിഹാര ദിവസം മഹാപുരോഹിതൻ രക്തം എടുത്തുകൊണ്ട് വിശുദ്ധ സ്ഥലത്തേക്ക് പോകുന്നത് ജനങ്ങളുടെയും തന്റെയും ദൈവ മുൻപാകെയുള്ള നിരപ്പിനു വേണ്ടിയാണ്. നിങ്ങൾക്ക് ഇതൊക്കെ തിരിച്ചറിയുവാനുള്ള പ്രായപൂർത്തി ഉണ്ടായിരിക്കണം. ഇതിനെക്കുറിച്ചാണ് എബ്രായലേഖകൻ "വളരെ പറയുവാനുണ്ട്" എന്ന് പറയുകയും അവരുടെ കേൾക്കുവാനുള്ള മന്ദത നിമിത്തം തെളിയിച്ചു കൊടുക്കുവാൻ വിഷമിക്കുന്നതും. വർഷങ്ങളുടെ തികവിൽ ഉപദേശിക്കാൻ പ്രാപ്തരാകേണ്ടവരെ ഇപ്പോഴും ആദ്യപാഠങ്ങൾ തന്നെ വീണ്ടും പഠിപ്പിക്കേണ്ടി വരുന്നു. അതായത് പാൽ കുടിക്കുന്ന ശിശുക്കളുടെ അവസ്ഥ. എത്ര നിരാശാജനകമാണിതെന്ന് ചിന്തിക്കുക.

വളരെ വേഗത്തിൽ ഒരു പുനർചിന്തക്ക് ഞാൻ ശ്രമിക്കുകയാണ്. ഗ്രന്ഥകാരൻ പറയാൻ ശ്രമിക്കുന്നത് മഹാപുരോഹിതന്റെ കടമയെ നിങ്ങൾ മനസ്സിലാക്കണം. കാരണം ദൈവമുമ്പാകെ ജനത്തെ പാപരഹിതരായി നിർത്തേണ്ട ഒരു വലിയ കടമയാണത്. അവരെ ഭയരഹിതരായും, ഉറപ്പുള്ളവരുമായി നിർത്തണം. ക്ഷമ ലഭിച്ചവരെന്ന ബോധത്തിലും അന്ത്യം വരെ പരിപൂർണ്ണർ എന്ന നിലയിലും നിർത്തണം. ഇതാണ് മഹാപുരോഹിതന്റെ കർത്തവ്യം.

പക്ഷെ ഇതൊന്നും മനസിലാക്കുവാൻ അവർക്കു കഴിയാതെ നന്മതിന്മകളിൽ അവർ ശിശുത്വത്തിൽ ആയിരിക്കുന്നു. നിങ്ങൾ എപ്രകാരം ആകുന്നു? നീതിയിലുള്ള അഭ്യസനം ഉണ്ടോ? പുരോഹിതനെന്ന നിലയിൽ നിങ്ങൾ പരിശീലിക്കുന്നുണ്ടോ?

യേശു മൽക്കീസേദെക്കിൻറെ ക്രമപ്രകാരം വന്നതുപോലെ നിങ്ങളും ആ ക്രമത്തിലത്രേ. ക്രിസ്തു അനേകരെ പുത്രന്മാരാക്കിയതുപോലെ നിങ്ങളും അനേകരെ ആ തേജസ്സിലേക്കു നയിക്കേണം. നിങ്ങളുടെ കാഴ്ചപ്പാടുകൾ മാറുകയും പകരം മഹാപുരോഹിതൻറെ

കാഴ്ചപ്പാടിൽ കാര്യങ്ങളെ കാണുകയുംവേണം. ദൈവമുൻപാകെയാണ് മനുഷ്യർക്ക് വേണ്ടി മഹാപുരോഹിതൻ നിലകൊള്ളുന്നത്. അത് നിങ്ങൾ തിരിച്ചറിയേണം. നിങ്ങൾ ഉപദേഷ്ടാക്കന്മാർ ആകേണ്ടവർ അത്രേ. മറ്റുള്ളവരെ പാപരഹിതരായി നിലകൊള്ളുവാൻ വേണ്ട നല്ല നിർദേശങ്ങൾ കൊടുക്കുവാൻ നിങ്ങൾ പ്രാപ്തർ ആയിരിക്കേണം. പക്ഷെ ലേഖകൻ പറയുന്ന നിങ്ങൾക്ക് പാൽ അത്രേ വേണ്ടത്.

ഈ അവസ്ഥ മാറുവാൻ നിങ്ങൾ എന്ത്ചെയ്യണം ? മഹാപുരോഹിതന്റെ കടമ ഉത്സാഹത്തോടെ ഇന്നുമുതൽ ചെയ്തു തുടങ്ങണം. ഒരു പ്രസംഗികൻ പോലെ വലിയ പ്രസംഗം നടത്തുവാനല്ല ആഗ്രഹിക്കേണ്ടത്. ജനത്തെ ദൈവമുൻപാകെ നിങ്ങളുടെ അതേ തികവിൽ വിശുദ്ധരാക്കി നിർത്തുവാൻ പഠിക്കുക. മഹാപുരോഹിതനെപോലെ അഭ്യസിക്കുക. ജനത്തിന്റെ കണക്കു ബോധിപ്പിക്കുന്നതിൽ ഉത്തരവാദിത്വമുള്ളവരാകുക. ന്യായവിസ്താരത്തിൽ ഭയമില്ലാത്തവരായി അവർക്കു നിൽക്കുവാൻ കഴിയുമോ? ക്രിസ്തുവിന്റെ കരങ്ങൾ കോർക്കുവാൻ അവർക്കു സാധിക്കുമോ ?

എബ്രാ 6 :1,2 അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.

കാലങ്ങളായി യാതൊരു വളർച്ചയും ഇല്ലാതെ സഭയിലെ കസേര തികയ്ക്കാൻ വരുന്ന ആളുകളെ കുറിച്ചാണ് ഇവിടെ പറയുന്നത്. അവരെ മാനസാന്തരത്തിലേക്കു നയിക്കുക ക്ലേശകരമാണ്. ഇതൊരു അതിഭാരമേറിയ അവസ്ഥ ആകുന്നു. അത്തരക്കാർക്ക് പരിശീലനം ഇല്ല, യുദ്ധം ഇല്ല, കാരണം നീതിയുടെ വചനങ്ങളെ കേൾപ്പാൻ അവർ മന്ദത ഉള്ളവരാകുന്നു.

അടുത്ത വാക്യം ശ്രദ്ധിക്കാം.
9. എന്നാൽ പ്രിയമുള്ളവരേ, ഞങ്ങൾ ഇങ്ങനെ സംസാരിക്കുന്നു എങ്കിലും നിങ്ങളെക്കുറിച്ചു ശുഭമേറിയതും രക്ഷെക്കു ഉതകുന്നതും വിശ്വസിക്കുന്നു. 10 ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല. 11 എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. 12 . അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും. 18 അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിന്നു ഭോഷ്കുപറവാൻ

കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു. 19 ആ പ്രത്യാശ നമുക്കു ആത്മാവിന്റെ ഒരു നങ്കൂരം തന്നേ; അതു നിശ്ചയവും സ്ഥിരവും തിരശ്ശീലെക്കകത്തേക്കു കടക്കുന്നതുമാകുന്നു.

പ്രിയമുള്ളവരെ ക്രിസ്തു നമുക്ക് വേണ്ടി മുന്നേ ഓട്ടം ഓടി തികച്ചു. ഇന്ന് നാമും അതെ ഓട്ടത്തിന്റെ പാതയിലാകുന്നു, അനേകരെ ക്രിസ്തുവിൽ തികയ്ക്കുവാൻ. ഇതത്രെ പ്രായംതികഞ്ഞവർക്കുള്ള പക്വമായ ദൈവ വചനത്തിന്റെ പാഠം. വെറും വിശ്വാസികൾ ആയി സഭയിലേക്കു വരാതിരിക്കുക. പാട്ടു പാടാനും, പ്രസംഗിക്കാനും, കഴിവുകൾ പ്രദർശിപ്പിക്കാനുമായി വരരുത്. സഭയിലേക്കു വരുന്നവരല്ല നാം. പിന്നെയോ നാം ആകുന്നു ദൈവത്തിന്റെ സഭ. നമ്മുടെ കടമ പുരോഹിതന്റെ കടമ ആകുന്നു, ഏതു മനുഷ്യനെയും ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ തികക്കുവാനുള്ള വേല. ഈ വേലയിൽ അല്ല നിങ്ങൾ എങ്കിൽ നിങ്ങൾക്ക് പ്രായപൂർത്തി ആയിട്ടില്ല. അപ്രകാരം ഉള്ളവരെ മാനസാന്തരത്തിലേക്കു കൊണ്ട് വരിക പ്രയാസം ആകുന്നു.

ഇപ്രകാരം ആണ് നിങ്ങളുടെ അവസ്ഥ എങ്കിൽ എന്താണ് നിങ്ങൾ ചെയ്യേണ്ടത്? പുരോഹിതന്റെ കടമ നിർവഹിക്കുവാൻ, ദിനം തോറും പരിശീലനം നടത്തുക. പഠിക്കുക, ദൈവ കാര്യങ്ങളിൽ ഉത്സാഹം ഉള്ളവരാകുക. പാപവഴികളെ ഉപേക്ഷിക്കുക, ഇങ്ങനെ അനേകരെ നയിക്കുവാൻ തക്ക  പക്വതയിലെത്തുക.

കൂടുതൽ പഠിക്കുവാൻ എബ്രായ ലേഖനം അഞ്ചും ഏഴും കൂടി ധ്യാനിക്കുക, അവിടെ പൗരോഹിത്യത്തെ കുറിച്ച് വിശദമായി കാണാം,  മൽക്കീസേദെക്കിനെക്കുറിച്ച് അറിയുക. ക്രിസ്തുവുമായുള്ള താരതമ്യത്തെ അറിയുക. അങ്ങനെ നിങ്ങൾ ഉപദേഷ്ടാക്കന്മാർ എന്ന നിലവാരത്തിലേക്ക് ഉയരുക. പ്രായപൂർത്തി ആണ് ഇവിടെ ഉള്ള പ്രധാന വിഷയം. എനിക്കെല്ലാം അറിയാം എന്നതിലല്ല, ക്രിസ്തുവിലേക്കു അനേകരെ കളങ്കരഹിതരായി കൊണ്ടുവരുവാനും അവരെ പഠിപ്പിക്കുവാനും പ്രാപ്തർ ആവുക.

1 പത്രോ 2 : 9 നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. 10 മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ. 11. പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്തോറും 12. നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.

വെളി 1:6 നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ.

പുരോഹിതന്റെ കടമയിലേക്കു ഉയർന്നു വരുവാൻ വെറുതെ പ്രാർത്ഥിച്ചിട്ടോ ഉപവസിച്ചിട്ടോ കാര്യമില്ല. നീതിയുടെ അഭ്യസനം നടത്തണം. നല്ല പോർ പൊരുതണം, നന്മയേയും തിന്മയേയും വിവേചിച്ചു വേർതിരിക്കണം. തുടർന്നു ക്രിസ്തുവിന്റെ നന്മ എന്താണെന്ന് മനസിലാക്കണം. അതിലേക്കു ആളുകളെ കൊണ്ടുവന്നു പക്വത ഉള്ളവരാക്കുവാൻ തക്ക വളർച്ച പ്രാപിക്കേണം. അപ്പോൾ നിങ്ങൾ ദൈവവചനം പറയുന്ന പ്രായപൂർത്തി പ്രാപിച്ചവരും കട്ടിയായ ആഹാരത്തിനു പ്രാപ്തരുമാകും. അങ്ങനെയുള്ളവരത്രേ മഹാ പുരോഹിതന്റെ കടമ നിർവഹിക്കുന്നവർ. ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവരാക്കി നിർത്തുന്ന ശുശ്രൂഷ ചെയ്യുന്നവർ.

നിങ്ങളിൽ എത്രപേർ ഈ ശുശ്രൂഷയിലുണ്ട്? മറ്റുള്ളവരെ നിങ്ങളിലൂടെ വളർത്തുവാൻ കഴിയുന്നിടത്താണ് നിങ്ങളുടെ പക്വത മനസ്സിലാക്കുവാൻ കഴിയുന്നത്. ക്രിസ്തു ആഗ്രഹിക്കുന്നത് നിങ്ങളുടെ വളർച്ച ആകുന്നു. അങ്ങനെ വന്നാൽ നിങ്ങളുടെ പാട്ടുകൾ മാറും, നിങ്ങളുടെ പ്രസംഗവും പ്രാർത്ഥനയുമെല്ലാം വ്യത്യാസപ്പെടും, അതായത് ആ പക്വതയിലേക്കു നിങ്ങളും ഉയരും.

"നിങ്ങൾ ദൈവത്തിന്റെ പത്രം എന്നും, നിങ്ങൾ ആകുന്നു എന്റെ കിരീടം" എന്നും പൗലോസ് പറയുമ്പോൾ, എന്റെ കാര്യം മാത്രം അല്ല അദ്ദേഹം നോക്കിയിരുന്നത് എന്ന് നമുക്കു മനസിലാക്കാം. ഞാനും എന്റെ കുടുംബവും എന്ന സ്വയസ്നേഹത്തിന്റെ വാക്കുകൾ നിങ്ങൾ ഒഴിവാക്കിയേ പറ്റൂ . "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്ന് യോശുവ എന്തിനു പറഞ്ഞു ? മറ്റുള്ളവരെയും കൂടെ കൊണ്ടുവരുവാൻ ആയിരുന്നു അങ്ങനെ പറഞ്ഞത്. അത് യോശുവ ജനത്തോടു പറഞ്ഞ നിയമത്തിന്റെ വാക്കുകൾ ആയിരുന്നു. നിങ്ങൾ ആരും കൂടെയില്ലെങ്കിലും, അബ്രഹാം, യിസഹാക്ക് യാക്കോബ് വഴി വന്ന പ്രമാണങ്ങളെ നിലനിർത്തുവാൻ ഞാനും എന്റെ കുടുംബവും ഉണ്ടാകും എന്നാണ് യോശുവ പറഞ്ഞത്. ഈ വാക്കിനെയാണ് ഇന്ന് ജനം വെറും വാക്കുപോലെ എന്തിനുമേതിനുമായി ഉപയോഗിക്കുന്നത് അത് ശിശുത്വം അത്രേ.

എന്റെ സഹോദരന്മാർക്ക് മുൻപിൽ ഞാൻ നിന്റെ നാമത്തെ ഉയർത്തും എന്ന് വചനം പറയുമ്പോൾ ഒടുവിലായി നമുക്കും ഉത്സാഹത്തോടെ പറയാം, എന്റെ കാര്യം മാത്രം നോക്കുന്ന രീതികളെന്നിലുണ്ടെങ്കിൽ അതു ഞാൻ മാറ്റും. നമ്മൾ എന്ന കുടുംബത്തിലേക്ക് നോക്കാം, നമ്മുടെ പിതാവും, മാതാവും സഹോദരനും സഹോദരിയുമെല്ലാം ക്രിസ്തുവിലാണെന്നു ധൈര്യത്തോടെ പറയാം. അങ്ങനെ നാമവനിൽ ഒന്നാകുമ്പോൾ യഥാർത്ഥ

ദൈവ കുടുംബത്തിന്റെ ദർശനം നമുക്കും
വ്യക്തമാകും. ഒരാത്മാവ്, ഒരു വചനം.
അവിടെ ദൈവത്തിന്റെ മഹാപുരോഹിതൻ
എന്ന കാഴ്ചപ്പാടിലേക്കു നമുക്കും വരാം.
ഈ വചനങ്ങളെ ധ്യാനിച്ച് ദൈവ
സന്നിധിയിൽ പക്വത പ്രാപിപ്പാൻ
ദൈവകൃപ നമ്മെ ഒരുക്കട്ടെ ആമേൻ.

********************************

***"Hey, I would like to know more."***

***Join us at:***

**Word of God Church, Dubai**

**✆ +971 56 3921933 ✉ wordofgodsons@gmail.com**

**www.addtofaithblog.com**

**Find us on:**

**WordofGod Church** **thewordofgod_church**

**WordofGod Church** **+971 50 676 5318**

*Printed and published by Word of God Church, Dubai*
*(for private circulation only)*